




# കാരൂർ സോമൻ സാഹിത്യത്തിലെ ആഗോള പൗരൻ – ഡോ.പോൾ മണലിൽ.

March 20, 2023

Share










മാവേലിക്കര : സാഹിത്യ സാംസ്കാരിക സാമൂഹിക രംഗത്ത് നിറസാന്നിധ്യമായ ചാരുംമൂട് റീഡേഴ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ സെമിനാർ, പുസ്തക പ്രകാശനം, ഗസൽ സന്ധ്യ മാർച്ച് 18 ന് ലൈബ്രറി പ്രസിഡന്റ് സുജിത്തു കുമാർ. പി യുടെ അധ്യക്ഷതയിൽ എഴുത്തുകാരൻ, മുൻ സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.പോൾ മണലിൽ ഉദ്ഘാടനം ചെയ്തു. കാരൂർ സോമന്റെ ഇംഗ്ലീഷ് നോവൽ “ദി ഡോവ് ആൻഡ് ഡെവിൾ” (പ്രസാധകർ പ്രഭാത് ബുക്ക്സ്, കെ.പി. ആമസോൺ ഇന്റർനാഷണൽ പബ്ലിക്കേഷൻ) കവയത്രി ഡോ.സിന്ധു ഹരികുമാറിനും, “കണ്ണുണ്ടയാൽ പോരാ കാണണം” ലേഖന സമാഹാരം (കെ.പി. ആമസോൺ ഇന്റർനാഷണൽ പബ്ലിക്കേഷൻ) റീഡേഴ്സ് ക്ലബ് രക്ഷാധികാരി അഡ്വ.സുധീർഖാനും, “സർദാർ പട്ടേൽ ജീവചരിത്രം” (പ്രഭാത് ബുക്ക്സ്, കെ.പി.ആമസോൺ ഇന്റർനാഷണൽ ജഗദീശ് കരിമുളക്കലിനും നൽകി പ്രകാശനം ചെയ്തു.

ലോക റെക്കോർഡ് ജേതാവായ (യൂ.ആർ.എഫ്) കാരൂർ സോമൻ പ്രവാസ സാഹിത്യത്തിൽ മലയാള ഭാഷക്ക് നൽകുന്ന സേവനം അഭിനന്ദനം അർഹിക്കുന്നു. പത്തിലധികം രംഗങ്ങളിൽ അറുപത്തിനാല് മലയാളം ഇംഗ്ലീഷ് പുസ്തകങ്ങൾ, അറുപത്തിയേഴ് രാജ്യങ്ങളിലൂടെ സഞ്ചരിച്ചു് നൽകുന്ന യാത്ര വിവരണങ്ങൾ സാധാരണ മലയാളി എഴുത്തുകാരന് സ്വപ്നം കാണാൻ സാധിക്കുന്ന കാര്യമല്ല. സർഗ്ഗ പ്രതിഭകൾ അറിവ് മാത്രമല്ല അനുഭവ സമ്പത്തുള്ളവരാകണം. കാരൂർ ലോക സഞ്ചരികുടിയായതിനാൽ മലയാള സാഹിത്യത്തിലെ വിശ്വ പൗരനെന്ന് ഡോ.പോൾ മണലിൽ വിശേഷിപ്പിച്ചു.

സാഹിത്യ സെമിനാറിൽ “സ്വദേശ വിദേശ സാഹിത്യം” എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തിയ ഡോ.മുഞ്ഞിനാട് പത്മകുമാർ ചൂണ്ടി കാട്ടിയത് കാരൂർ സോമന് രാഷ്ട്രീയ പിൻബലമില്ലാത്തതിനാൽ അവഗണിക്കപ്പെട്ട ഒരു എഴുത്തുകാരനാണ്. അദ്ദേഹം മലയാള ഭാഷക്ക് നൽകിയ സംഭാവനകൾ അതിരറ്റതാണ്. സ്വന്തം പെൻഷൻ കാശുമുടക്കി ലോക പ്രശസ്ത ലിമ വേൾഡ് ലൈബ്രറി സാഹിത്യ ഓൺലൈൻ, ലോകമെങ്ങുമുള്ള എഴുത്തുകാരുടെ ഇംഗ്ലീഷ് മലയാളം പ്രസിദ്ധികരണമായ കെ.പി.ആമസോൺ ഇന്റർനാഷണൽ പബ്ലിക്കേഷൻ നടത്തുന്നു. മലയാള ഭാഷ സാഹിത്യത്തിന് അതുല്യ സംഭാവനകൾ നൽകിയ കാരൂർ സോമന്റെ ബാലരമ മുതലുള്ള സർഗ്ഗ സാഹിത്യത്തെപ്പറ്റി ഒരു പഠന ഗ്രന്ഥം “കാലത്തിന്റെ എഴുത്തകങ്ങൾ” (പ്രസാധകർ ബുക്ക് ക്രോസ്സ് പുബ്ലിക്ക ) ഡോ.മുഞ്ഞിനാട് പദ്മകുമാർ പ്രദർശിപ്പിച്ചു. കാരൂർ സോമനും മലയാള സാഹിത്യ രംഗത്ത് നടക്കുന്ന ജീർണ്ണതകളെ വെളിപ്പെടുത്തികൊണ്ട് സാഹിത്യ സെമിനാറിൽ സംസാരിച്ചു. പുസ്തക പരിചയം ജഗദിശ് കരിമുളക്കൽ നിർവഹിച്ചു.

കാരൂർ സോമന് ആശംസകൾ നേർന്നുകൊണ്ട് കവി കിടങ്ങറ ശ്രീവത്സൻ. എഴുത്തുകാരൻ അഡ്വ.പാവുമ്പ സഹദേവൻ, കലാഗ്രാമം ഡയറക്ടർ ഭരണിക്കാവ് രാധാകൃഷ്ണൻ, എഴുത്തുകാരി ശാരദ കറ്റാനം സംസാരിച്ചു. സ്കൂൾ കുട്ടികൾക്ക് കാരൂർ സോമൻ, ക്ലബ് ഭാരവാഹികൾ പഠനോപകരണങ്ങൾ വിതരണം ചെയ്തു. ആർ.രാജേഷ് (റീഡേഴ്സ് ക്ലബ് സെക്രട്ടറി) സ്വാഗതവും, റീഡേഴ്സ് ക്ലബ് വൈസ് പ്രസിഡന്റ് പി.കെ.ഗോപാലൻ നന്ദിയും രേഖപ്പെടുത്തി. സുപ്രസിദ്ധ ഗസൽ ഗായകൻ റജി.ആർ.കൃഷ്ണയുടെ ഗസൽ സന്ധ്യ സന്ധ്യാകാശത്തിന്റെ ചാരുതയിൽ പ്രേക്ഷകർക്ക് അളവറ്റ ആഹ്ളാദം നൽകി.

About The Author

LIMA

See author's posts

Previous article
‘സ്വകാര്യ ജീവിതത്തിലേക്ക് എത്തിനോക്കേണ്ട’: ശക്തമായ ഭാഷയിൽ ഹൈക്കോടതി

Next article
കെ.സി.ബി.സി.മദ്യവിരുദ്ധസമിതി 24-ാമത് വാർഷികം രജതജൂബിലി വർഷ ഉദ്ഘാടനം മാർച്ച് 25ന് കലൂരിൽ – വി.എം.സുധീരൻ ഉദ്ഘാടനം ചെയ്യും

NEWSEWS

വൈകിവന്ന വിവേകം { അദ്ധ്യായം 13 } – മേരി അലക്സ് ( മണിയ )
December 19, 2023

MALABAR AFLAME : Lesson 15 – (Karoor Soman)
December 19, 2023

കഥാകാരൻറെ കനൽവഴികൾ , അദ്ധ്യായം 8 – ( ആത്മകഥ – കാരൂർ സോമൻ )
December 19, 2023

കാലിന്റെ ഇടയിൽ കയറ്റുന്ന ഭൂതച്ചെറുക്കൻ. – (ലീലാമ്മ തോമസ് ബോട്സ്വാന)
December 19, 2023

കണ്ണിന് കുളിരായി (ഫ്രാൻസ്) – കാരൂർ സാമൻ
December 19, 2023

Search

Search

LEAVE A REPLY

Comment:

Name:*

Email:*

Website:

Save my name, email, and website in this browser for the next time I comment.

Post Comment

HOT NEWS



IPL 2024: ഐപിഎൽ ലേലത്തിന് മുമ്പേ പിന്മാറിയ മൂന്ന് വിദേശതാരങ്ങൾ
December 18, 2023

‘ദാവൂദ് ഇബ്രാഹിം ആശുപത്രിയിൽ’; റിപ്പോർട്ടുകൾ തള്ളി ഇന്റലിജൻസ് വൃത്തങ്ങൾ
December 18, 2023

ഡൽഹിയിൽ തണുപ്പ് വർദ്ധിക്കുന്നു; മുന്നറിയിപ്പുമായി IMD
December 18, 2023

LITERATURE

നവകേരള സദസിൽ ലഹരിമുക്ത കേരളം അജണ്ടയാക്കണം – കെ സി ബി സി മദ്യ വിരുദ്ധ സമിതി
November 30, 2023

മറഞ്ഞത് വേറിട്ട രചനാശൈലിയുടെ മുഖം: എഴുത്തുകാരി പി വത്സല അന്തരിച്ചു
November 22, 2023

Adventures of Super boy Ramu, ചാടും ചുണ്ടെലിയുടെ കഥ, ഈസോപ്പ് കഥകൾ എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്തു.
November 22, 2023

COVID CASES

All countries

699,809,369

Total confirmed cases

LIMA WORLD LIBRARY

Disclaimer

Articles and opinions expressed or published in this website are exclusively the views of the authors. Neither the editor nor the publishers are responsible or liable for the contents, objectives or opinion of the articles in any form. LIMA World Library does not claim any credit for images posted on this website unless otherwise noted. The images are copyright to its respectful owners or authors. If there is any copyrighted material/images that belongs to you on this website, and do not wish for it to appear on the website, please email with a link to the said material/image, and it will be promptly removed.

Contact us: contactlimaworldlibrary@gmail.com

FOLLOW US